കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 2011-12 വാർഷിക പദ്ധതി - മരാമത്തു-പ്രവൃത്തികളുടെ നിർവ്വഹണം പുതുക്കിയ ഷെഡ്യൂൾ നിരക്ക് - തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ(സാധാ.)നം. 2284/2011/തസ്വഭവ തിരുവനന്തപുരം, തീയതി,1.10.2011.

---

പരാമർശം:-1) 26.5.10 ലെ 34202/ ഡിഎ1/10/ തസ്വഭവ നമ്പർ സർക്കുലർ

(2) സ.ഉ(സാധാ.)നം 1151/2011/പി.ഡബ്ലിയു.ഡി തീയതി 3.9.11

ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 1.4.2010 മുതൽ 2010-ലെ ഷെഡ്യൂൾ നിരക്കുകളെ ആധാരമാക്കിയാണ് മരാമത്തു പ്രവൃത്തികൾ നടപ്പാക്കി വരുന്നത്. എന്നാൽ സൂചന സർക്കാർ ഉത്തരവ് പ്രകാരം 2010-ലെ ഷെഡ്യൂൾ നിരക്ക് പുതുക്കി നിശ്ചയിക്കുകയും പുതുക്കിയ നിരക്കുകൾക്ക് 03.9.11 മുതൽ പ്രാബല്യം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരം സിവിൽ പ്രവൃത്തികൾക്ക് 15 ശതമാനവും ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് 10 ശതമാനവും വർദ്ധനവാണ് അനുവദിച്ചിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ പൊതു മരാമത്തുവകുപ്പിന്റെ സൂചന പ്രകാരം പുതുക്കി നിശ്ചയിച്ച ഷെഡ്യൂൾ നിരക്ക് 3.09.2011 മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമാക്കി താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

1) 2010-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം ടെൻഡർ ചെയ്യുന്ന സിവിൽ പ്രവൃത്തികൾക്ക് പരമാവധി 15% വരെയും ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് പരമാവധി 10% വരെയും ടെൻഡർ എക്സ്സസ് അനുവദിക്കുന്നതാണ്.

2) ഇപ്രകാരം വരുന്ന അധിക തുകയ്ക്കുള്ള എസ്റ്റിമേറ്റ് പുതുക്കി പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയും ജില്ലാ പ്ലാനിംഗ് സമിതിയുടെ അംഗീകാരവും വാങ്ങിയിരിക്കേണ്ടതാണ്. ഈ അംഗീകാരങ്ങൾ ലഭ്യമായ പ്രവൃത്തികൾക്ക് മാത്രമേ മുഴുവൻ തുകയും നൽകാൻ പാടുള്ളു.

3) ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭ്യമായിട്ടുള്ളതും സാങ്കേതിക അനുമതി നൽകിയിട്ടില്ലാത്തതുമായ പ്രവൃത്തികളുടെ സാങ്കേതിക അനുമതി, ആവശ്യമെങ്കിൽ, പുതുക്കിയ നിരക്കിൽ നൽകാവുന്നതാണ്.

4) കരാർ ഉടമ്പടി ഒപ്പ് വെച്ച പ്രവൃത്തികൾക്ക് മേൽ പ്രകാരമുള്ള വർദ്ധനവ് നൽകുന്നതല്ല.

5) പുതുക്കിയ നിരക്ക് പ്രകാരം ടെണ്ടർ ചെയ്യുന്ന പ്രവൃത്തികൾക്ക് ടെണ്ടർ എക്സ്സസ് നൽകുന്നതല്ല.

contd.....

6) എം.എൽ.എ, എം.പി എന്നിവരുടെ പ്രാദേശിക വികസനഫണ്ട്, വെള്ളപ്പൊക്ക /വരൾച്ചാ ദുരിതാശ്വാസ ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികൾ തുടങ്ങിയ പ്രവൃത്തികൾക്ക്, ആവശ്യമെങ്കിൽ, പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ നടപ്പാക്കാവുന്നതാണ്.

7) പുതുക്കിയ നിരക്ക് വർദ്ധന നടപ്പിലാക്കുമ്പോൾ/ടെൻഡർ എക്സ്സസ് അനുവദിക്കുമ്പോൾ വരുന്ന അധിക ഭാരം മൂലം ചില പദ്ധതികൾ മുഴുവനായോ ഭാഗികമായോ നടപ്പിലാക്കുവാൻ കഴിയില്ല. ആയതിനാൽ അധികതുക ഈ വർഷം ഈ മേഖലയ്ക്ക് നീക്കിവെച്ചതിൽ മിച്ചമുള്ള തുകയോ, തനത് ഫണ്ടോ ഉപയോഗിച്ച് പൂർത്തിയാക്കാവുന്നതാണ്. ഈ രണ്ടിൽ നിന്നും തുക ലഭ്യമാകുന്നില്ലെങ്കിൽ അടുത്ത സാമ്പത്തിക വർഷം സ്പിൽ ഓവർ പ്രവൃത്തിയായി അംഗീകാരം വാങ്ങിച്ച് തുക അനുവദിക്കാവുന്നതാണ്.

8) ഗുണഭോക്തൃസമിതികൾ, അക്രഡിറ്റഡ് ഏജൻസികൾ എന്നിവ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്കും മേൽ നിർദ്ദേശങ്ങൾ ബാധകമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ്
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
എല്ലാഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ , ഇൻഫർമേഷൻ കേരളമിഷൻ, തിരുവനന്തപുരം
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, കില, തൃശ്ശൂർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ. തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്പ്മെന്റ് കൊട്ടാരക്കര
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
എല്ല ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി(ജില്ലാ കളക്ടർമാർ)മാർക്കും
എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റു പ്രോജക്ട് ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും
എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
സ്റ്റോക്ക് ഫയൽ/ഒ.സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ